<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6371**</u> <u>**10-07-2024 - ൽ മറുപടിയ്ക്ക്**</u>

<u>**കൊല്ലം ജില്ലയിലെ മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ജില്ലയിൽ നിന്നും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്നും , മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫിസുകളുടെ എണ്ണം എത്രയെന്നും , അവ ഏതെല്ലാമെന്നും അറിയിക്കുമോ; | (എ) | കൊല്ലം ജില്ലയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. മത്സ്യത്തൊഴിലാളികൾ - 27230<br><br>2. അനുബന്ധത്തൊഴിലാളികൾ- 18859<br><br>കൊല്ലം ജില്ലയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 7 ഫിഷറീസ് ഓഫീസുകൾ സർക്കാർ ഉത്തരവ് പ്രകാരം പ്രവർത്തിക്കുന്നു. അവയുടെ വിവരം ചുവടെ ചേർക്കുന്നു<br><br>(1) മയ്യനാട്, (2) തങ്കശ്ശേരി (3) നീണ്ടകര (4) ചെറിയഴീക്കൽ (5) കുഴിത്തുറ (6) കുലശേഖരപുരം (7) പടപ്പക്കര. |
| (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫിസുകളും എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ക്ഷേമനിധി ഓഫിസുകൾ എല്ലാ ദിവസവും പ്രവർത്തിക്കാത്തത് മൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ഫിഷറീസ് ഓഫീസുകളിൽ ഒരു ജീവനക്കാരൻ മാത്രമാണ് ഉള്ളത്. ക്ഷേമനിധി ബോർഡിൽ ഫിഷറീസ് ഓഫീസർമാരുടെ ഒഴിവ് വന്നിട്ടുള്ള സാഹചര്യത്തിൽ ഓഫീസർമാർക്ക് ഒന്നിലധികം ഫിഷറീസ് ഓഫീസുകളുടെ ചുമതലകൾ നൽകിയിട്ടുണ്ട്. ഇതു മൂലമാണ് എല്ലാ ദിവസവും എല്ലാ ഫിഷറീസ് ഓഫീസുകളും തുറന്ന് പ്രവർത്തിക്കാനാവാത്തത്. ജീവനക്കാരുടെ അപര്യാപ്തത മത്സ്യബോർഡ് ഡയറക്ടർ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കുണ്ടറ മണ്ഡലത്തിലെ പടപ്പക്കര ഫിഷറീസ് ഓഫീസിൽ അംഗത്വം നൽകിയിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; കുണ്ടറ ക്ഷേമനിധി ഓഫീസ് എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കാത്തതിന് കാരണം അറിയിക്കാമോ; | (സി) | കൊല്ലം ജില്ലയിലെ കുണ്ടറ മിനി സിവിൽ സ്റ്റേഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പടപ്പക്കര ഫിഷറീസ് ഓഫീസിൽ 2023-24 ലെ മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം 5109 മത്സ്യത്തൊഴിലാളികൾക്കും 2024-25 അനുബന്ധത്തൊഴിലാളി പട്ടിക പ്രകാരം 2273 അനുബന്ധത്തൊഴിലാളികൾക്കും അംഗത്വം നൽകിയിട്ടുണ്ട്. പടപ്പക്കര ഫിഷറീസ് ഓഫീസറായി നിയമിച്ച ഓഫീസർക്ക് തങ്കശ്ശേരി ഫിഷറീസ് ഓഫീസിന്റെ കൂടി പൂർണ്ണ അധിക ചുമതല നൽകിയതിനാലാണ് എല്ലാ പ്രവൃത്തി ദിനങ്ങളിലും പടപ്പക്കര ഫിഷറീസ് ഓഫീസ് പ്രവർത്തിക്കാത്തത്. നിലവിൽ ചൊവ്വ, വ്യാഴം, ശനി എന്നീ 3 ദിവസങ്ങളിലാണ് പടപ്പക്കര ഫിഷറീസ് ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്ന മുറയ്ക്ക് എല്ലാ ദിവസവും ഫിഷറീസ് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നത് സാധ്യമാകും. |
| (ഡി) | എല്ലാ പ്രവൃത്തി ദിവസങ്ങളിലും തുറന്ന് പ്രവർത്തനം നടത്തി തൊഴിലാളികൾക്ക് സേവനങ്ങൾ നൽകിയിരുന്ന കുണ്ടറ ക്ഷേമനിധി ഓഫീസ് ഇപ്പോൾ എല്ലാ ദിവസവും പ്രവർത്തിക്കാത്ത നടപടി സർക്കാർ അനുമതിയോടെയാണോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫിഷറീസ് ഓഫീസ് എല്ലാപ്രവൃത്തി ദിവസവും തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൊല്ലം ജില്ലയിലെ കുണ്ടറ മിനി സിവിൽ സ്റ്റേഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പടപ്പക്കര ഫിഷറീസ് ഓഫീസിൽ 2023-24 ലെ മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം 5109 മത്സ്യത്തൊഴിലാളികൾക്കും 2024-25 അനുബന്ധത്തൊഴിലാളി പട്ടിക പ്രകാരം 2273 അനുബന്ധത്തൊഴിലാളികൾക്കും അംഗത്വം നൽകിയിട്ടുണ്ട്. പടപ്പക്കര ഫിഷറീസ് ഓഫീസറായി നിയമിച്ച ഓഫീസർക്ക് തങ്കശ്ശേരി ഫിഷറീസ് ഓഫീസിന്റെ കൂടി പൂർണ്ണ അധിക ചുമതല നൽകിയതിനാലാണ് എല്ലാ പ്രവൃത്തി ദിനങ്ങളിലും പടപ്പക്കര ഫിഷറീസ് ഓഫീസ് പ്രവർത്തിക്കാത്തത്. നിലവിൽ ചൊവ്വ, വ്യാഴം, ശനി എന്നീ 3 ദിവസങ്ങളിലാണ് പടപ്പക്കര ഫിഷറീസ് ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്ന മുറയ്ക്ക് എല്ലാ ദിവസവും ഫിഷറീസ് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നത് സാധ്യമാകും. |

സെക്ഷൻ ഓഫീസർ